# സെന്റ് ജോസഫ്സ് എൽ പി എസ്
# ചങ്ങനാശ്ശേരി

# അക്കാദമിക മാസ്റ്റർ പ്ലാൻ
*2025 - 26*

## ആമുഖം

ഒരു വ്യക്തിയുടെ സമഗ്രവും സമ്പൂർണവുമായ രൂപീകരണമാണ് വിദ്യാഭ്യാസം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പാഠപുസ്തകത്തിലെ അറിവിനൊപ്പം ചുറ്റുപാടിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് അറിവ് നിർമിച്ചെടുക്കാൻ കഴിയണം. അറിവ് കണ്ടെത്താനുള്ള വ്യഗ്രത വർദ്ധിപ്പിക്കുന്നതിനും തക്കതായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും അധ്യാപകർക്കും മാതാപിതാക്കൾക്കും ഉത്തരവാദിത്വമുണ്ട്. ഈ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനുവേണ്ടിയാണ് ഒരു വർഷത്തെ സ്കൂളിന്റെ പ്രധാന പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്ററ് പ്ലാൻ എന്ന പേരിൽ ഇവിടെ ഒരുങ്ങിയിരിക്കുന്നത്. അധ്യാപകരുടെയും രക്ഷകർത്താക്കളുടെയും കൂടിയാലോചനകളോടെ ഒരു കുട്ടിയുടെ വിദ്യാഭ്യാസ പ്രവർത്തനതത്തിൽ സമൂഹത്തിന്റെ പരമാവധി പങ്കാളിത്തം അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വയ്ക്കുന്നുണ്ട്. ജൂൺ മാസം ആരംഭിച്ച് ഫെബ്രുവരിയിൽ അവസാനിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

# ലക്ഷ്യങ്ങൾ

- ഭാഷയുടെ അടിസ്ഥാന നൈപുണികൾ എല്ലാവരും നേടുന്നു. ഡിജിറ്റൽ മേഖലയുടെ അനന്തസാധ്യതകൾ ഭാഷാ പഠനത്തിൽ ഉപയോഗപ്പെടുത്തി
- പാഠ്യേതര പ്രവർത്തനങ്ങളിലൂടെ ശാസ്ത്ര ഗണിതശാസ്ത്ര ശേഷികൾ വികസിപ്പിക്കുന്നു.
- ദിനാചരണങ്ങൾ കുട്ടിയുടെ വ്യക്തിത്വ വികസനത്തിനും അറിവ് നേടുന്നതിനും ഉതകുന്ന തരത്തിലാണെന്ന് ഉറപ്പ് വരുത്തുക
- ക്ലബ് പ്രവർത്തനങ്ങൾ ഊർജിതമാക്കുക
- സർഗാത്മ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനുള്ള അക്കാദമിക അക്കദമികേതര പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കുക.
- കുട്ടികൾ സജീവമായി പങ്കാളികളാകുന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തി നിർമാണ, പരീക്ഷണ ആസ്വാദന വൈദഗ്ധ്യം നേടുക.
- കുട്ടികളുടെ അച്ചടക്കവും വ്യക്തിത്വവും പരിപോഷിപ്പിക്കുന്നത് വഴി സമഗ്രവികസനത്തിന് വഴി ഒരുക്കുക.
- കലാകായിക ശേഷികൾ ,അവതരണ മികവുകൾ നേടാൻ അവസരം ഒരുക്കുക,

| NO | പ്രവർത്തനങ്ങൾ (അക്കാദമിക അക്കാദമികേതര) | ഉപ പ്രവർത്തനങ്ങൾ | ആർജ്ജിത ശേഷികൾ | ക്ലബ് പ്രവർത്ത ങ്ങൾ |
|---|---|---|---|---|
| • | സ്കൂൾ പ്രവേശനോത്സവം | • അക്ഷരകാർഡ്<br>• ഐസ് ബ്രേക്കിംഗ്<br>• അക്ഷരമരം<br>• യൂട്യൂബ് ദൃശ്യാവിഷ്കാരം<br>• എസ് ആർജി രൂപികരണം<br>• 6. സ്കൂൾ ക്ലബ് രൂപീകരണം | സ്കൂളിൽ വിദ്യാർത്ഥികൾക്ക് സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക. വാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുക. സ്കൂൾ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുക. | |
| • | ജൂൺ 5 പരിസ്ഥിതി ദിനം | . വൃക്ഷത്തൈനടൽ | പരിസ്ഥിതിയോട് ആഭിമുഖ്യം വളർത്തുക<br>പരിസ്ഥിതി മലിനീകരണത്തിനെതിരെ പ്രവർത്തിക്കാൻ സന്നദ്ധരാവുക | ശാസ്ത്ര ബിന്റെ ആഭിമു ത്തിൽ പരിസ്ഥി വാര പ്രവർത്ത ങ്ങൾ |
| • | ജൂൺ 19 വായന ദിനം | സ്കൂൾ അസംബ്ലി<br>പുസ്തക കുട്ട | വായനയോട് ആഭിമുഖ്യം വളർത്തുക<br>പുസ്തകപരിചയം<br>ഭാഷാശേഷികൾ വികസിപ്പിക്കുക<br>മഹാൻ മാരെ കുറിച്ചുള്ള ധാരണ | വായന വാരാച ണം<br>വായനമ |

| | | | | |
|---|---|---|---|---|
| • | ജൂൺ 26 ലഹരി വിരുദ്ധ ദിനം | സ്കൂൾ അസംബ്ലി<br>ലഹരി വിരുദ്ധ സന്ദേശം | ജീവിത മൂല്യങ്ങൾ ആർജ്ജിക്കുക<br>ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുക | ഹെൽത്ത ക്ലബ് - ക്ല തല പോസ്റ നിർമാണ |
| • | ജൂലൈ 5 വൈക്കം മുഹമ്മദ് ബഷീർ അനുസ്മരണം | സ്കൂൾ അസംബ്ലി<br>ബഷീർ കൃതിയുടെ വായനഅനുഭവും<br>സ്കൂൾ റേഡിയോ പ്രത്യേക പരിപാടി | വായനയോടുള്ള ആഭിമുഖ്യം<br>ഭാഷ ശേഷികൾ വികസിപ്പിക്കു<br>മലയാള സാഹിത്യകാരൻ കമാരെകുറിച്ച് മനസിലാക്കുക | ഭാഷക്ലബ ഡോക്യു റി പ്രദർ |
| • | ജൂലൈ 11 ജനസംഖ്യാ ദിനം | സ്കൂൾ അസംബ്ലി<br>ബോധവത്കരണ ക്ലാസ് | ലോക ജനസംഖ്യയെ കുുറിച്ചുള്ള ധാരണ<br>ജില്ല, സംസ്ഥാനം, രാജ്യം എന്നിങ്ങനെയുള്ള അറിവുകൾ | |
| • | ജൂലൈ 21 ചാന്ദ്രദിനം | ചാന്ദ്രദിന പതിപ്പ് തയാറാക്കൽ<br>സ്കൂൾ അസംബ്ലി<br>സ്കൂൾ റേഡിയോ പ്രത്യേക പരിപാടി | ശാസ്ത്ര അവബോധം<br>സൂര്യൻ ചന്ദ്രൻ നക്ഷത്രങ്ങൾ തുടങ്ങിയവയെ കുുറിച്ചുള്ള അറിവുകൾ<br>മനുഷ്യന്റെ ബഹിരാകാശ യാത്രകളെ കുറിച്ചുള്ള കൗതുകം | ശാസ്ത്ര ചാന്ദ്രദിന മായി ബന്ധപ്പെ ദൃശ്യങ്ങ പ്രദർശന |

| | | | | |
|---|---|---|---|---|
| • | ജൂലൈ 27<br>എപിജെ<br>അബ്ദുൾകലാം<br>ഓർമ്മദിനം | മഹദ്<br>വചനങ്ങളുടെ<br>പോസ്റ്റര് നിർമാണം<br>സ്കൂൾ അസംബ്ലി<br>സ്കൂൾ റേഡിയോ | മഹാൻമാരുടെ<br>ജിവചരിത്രം<br>പരിചയപ്പെടുക<br>പുസ്തകവായന<br>,വായനഅനുഭവം<br>പങ്കുവയ്ക്കുക | ശാസ്ത്ര<br>എപിജെ<br>അബ്ദുൾ<br>പ്രസംഗ<br>വീഡിയേ<br>പ്രദർശന |
| • | ആഗസ്റ്റ് 6<br>ഹിരോഷിമ ദിനം | സ്കൂൾ അസംബ്ലി | യുദ്ധത്തിനെതിരെ<br>അവബോധം<br>സാമൂഹിക<br>അവബോധം | ശാസ്ത്ര<br>യുദ്ധത്ത്<br>തിരെ<br>പോസ്റ്റർ<br>നിർമാണ |
| • | ആഗസ്റ്റ് 15<br>സ്വാതന്ത്യദിനം | പതാക ഉയർത്തൽ | രാഷ്ട്രവബോധം<br>സ്വാതന്ത്യബോധം | സോഷ്യ<br>സയൻസ്<br>- ദേശഭക<br>ഗാനം |
| • | സെപ്റ്റംബർ 5<br>അധ്യാപകദിനം | സ്കൂൾ ആസംബ്ലി<br>കുട്ടിമാഷ് | അധ്യാപകരോടുള്ള<br>ആദരവ് | |
| • | സെപ്റ്റംബർ 14<br>ഹിന്ദി ദിനം | സ്കൂൾ അസംബ്ലി | ദേശീയ ഭാഷ യോടുള്ള<br>ആഭിമുഖ്യം<br>ഭാഷാ<br>നൈപുണികളുടെ<br>വികാസം | |
| • | ഒക്ടോബർ 2<br>ഗാന്ധി ജയന്തി | പോസ്റ്റർ നിർമാണം<br>കൊളാഷ് | ഭാഷ ശേഷികൾ<br>സേവനസന്നദ്ധത്<br>രാഷ്ട്രത്തെ കുുറിച്ചും<br>രാഷ്ട്രപിതാവിനെ<br>കുറിച്ചും<br>അവബോധം<br>ദേശബോധം | സോഷ്യ<br>സയൻസ്<br>-<br>സേവന |

| | | | | |
|---|---|---|---|---|
| • | നവംബർ 1<br>കേരളപിറവി | മലയാളത്തനിമ മത്സരങ്ങൾ<br>സ്കൂൾ അസംബ്ലി<br>കവിപരിചയം | ഭാഷ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങൾ രൂപപ്പെട്ടത് | |
| • | നവംബർ 14<br>ശിശുദിനം | ശിശുദിന റാലി<br>പ്രച്ഛന്നവേഷ മത്സര | ഭാഷാശേഷികൾ<br>സർഗാത്മകത<br>പൊതുബോധം | |
| • | ഡിസംബർ 1<br>ലോക എയ്ഡ്സ് ദിനം | സ്കൂൾ അസംബ്ലി | രോഗങ്ങൾ പ്രതിരോധം എന്നിവയെ കുറിച്ചുള്ള അറിവ് | |
| • | ഡിസംബർ 25<br>ക്രിസ്തുമസ് | | സർഗാത്മകത, ഭാഷാ ശേഷികൾ | ആർട്സ് - മത്സര |
| • | ജനുവരി 10<br>ചിരിദിനം | പുഞ്ചിരിമത്സരം | സർഗാത്മകത, അഭിനയം ,അവതരണം | |
| • | ജനുവരി 26<br>റിപ്പബ്ലിക് ദിനം | പ്രസംഗ മത്സരം<br>നേതാക്കളെ പരിചയപ്പെടുത്തൽ | സർഗാത്മകത, ഭാഷാശേഷികൾ<br>ദേശീയ ബോധം | സോഷ്യ സയൻസ് - ഉപന്യാ രചന |
| • | ജനുവരി 30<br>രക്തസാക്ഷിദിനം | ഗാന്ധജി അനുസ്മരണം | ആശയവിപുലീകരണം<br>ക്രോഡീകരണം<br>നേതാക്കൻമാരെ കുറിച്ചുള്ള ധാരണ | |

| | | | | |
|---|---|---|---|---|
| • | ഫെബ്രുവരി 21<br>മാതൃഭാഷ ദിനം | വായനമത്സരം<br>സ്കൂൾ അസംബ്ലി<br>വായനഅനുഭവം പങ്കുവയ്ക്കൽ<br>മാതൃഭാഷ പ്രസംഗം മത്സരം | മാതൃഭാഷയുടെ മഹത്വം മനസിലാക്കുക<br>ഭാഷാ നൈപുണികൾ വികസിപ്പിക്കുക<br>വായന ഉത്തേജിപ്പിക്കുക | ഭാഷ ക്ല<br>ജസ്റ്റ് എ<br>മത്സരം |
| • | ഫെബ്രുവരി 28<br>ശാസ്ത്രദിനം | സയൻസ് ക്വിസ് | ശാസ്ത്ര അവബോധം<br>പരീക്ഷകൾ അഭിമുഖീകരിക്കുന്നതിനുള്ള പരിശീലനം | ശാസ്ത്ര<br>പരീക്ഷ |
| • | കബ് ആൻഡ് ബുൾബുൾ | സ്പർശം - വൃദ്ധസദനം സന്ദർശിക്കൽ<br>ഉയരങ്ങളിലേക്ക്- ട്രക്കിംഗ് പ്രോഗ്രാം | മുതിർന്നവരോടുള്ള ആദരവ്<br>നിരീക്ഷണം<br>അപഗ്രഥനം<br>പ്രകൃതി സ്നേഹം | |
| • | സ്കൂൾ കായികമേള | മാർച്ച്ഫാസ്റ്റ് പരിശീലനം<br>കായികപരിശീലനം<br>സ്കൂൾ തല കായിക മത്സരങ്ങൾ | ആരോഗ്യം , കായികശേഷി വികസനം | |
| • | സ്കൂൾ കലാ പ്രവർത്തിപരിചയ മേള | സ്കൂൾ തല കലാ മത്സരങ്ങൾ | ഭാഷാ -സർഗാത്മക ശേഷികളുടെ വികസനം | |

| | | | | |
|---|---|---|---|---|
| • | സ്കൂൾ റേഡിയോ | പ്രതിവാര പ്രോഗ്രാമുകൾ<br>സ്കൂൾ വാർത്തകൾ<br>ശാസ്ത്രകൗതുകുങ്ങൾ<br>ജീവചരിത്രം<br>കലാപരിപാടികൾ | അറിവ് ഉല്ലാസത്തിലൂടെ<br>സർഗാത്മക ശേഷികളുടെ വികസനം | ഭാഷാ, ശാസ്ത്ര, ഗണിത ഹെൽത്ത ക്സബുഃ സജീവ പങ്കാളിര |
| • | യൂട്യൂബ് ചാനൽ | സ്കൂളിന്റെ അക്കാദമിക – അക്കാദമികേതര പ്രവർത്തനങ്ങൾ പൊതു സമൂഹത്തിന്റെ സമക്ഷം എത്തിക്കുക | ഭാഷാ ശേഷി വികസനം<br>സർഗാത്മകത<br>അറിവ് ഉല്ലാസത്തിലൂടെ | ഭാഷാ, ശാസ്ത്ര, ഗണിത ഹെൽത്ത ക്സബുഃ സജീവ പങ്കാളിര |

# ഉപസംഹാരം

കുട്ടികളുടെ സമഗ്രവികസനത്തിന് ഊന്നൽ നൽകുന്നതാവണം വിദ്യാഭ്യാസം എന്ന ബോധ്യം ഉൾകൊണ്ട് കൊണ്ടാണ് സെന്റ് ജോസഫ്സ് എൽപി എസിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ തയാറായിരിക്കുന്നുത് .നിരന്തര മൂല്യനിർണയത്തിലൂടെ കുട്ടികൾക്ക് അറിവ് കണ്ടെത്തുന്നതിനും സ്വയം വികസിക്കുന്നതിനുമുള്ള പ്രചോദനം നൽകുന്ന പ്രവർത്തനറങ്ങൾക്കാണ് മുൻ തൂക്കം നൽകിയിരിക്കുന്നത്. ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പിന്നിൽ പ്രവർത്തിച്ച സ്കൂൾ റിസോഴ്സ് ഗ്രൂപ്പിന്റെയും അധ്യാപകരുടെയും പരിശ്രമങ്ങൾ സ്മരണീയമാണ്.